LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ 2010 മുതൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. കുടിശ്ശിക ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും പഠനം നടത്തിയ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കാൻ സാവകാശം വേണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷനിൽ 2010 മുതലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഏകദേശം 50 കോടി രൂപ ആവശ്യമാണ്. ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിന് കശുവണ്ടി വികസന കോർപ്പറേഷന് തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കശുവണ്ടി വികസന കോർപ്പറേഷനിൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം ഗ്രാറ്റുവിറ്റി തുക നൽകുവാൻ സാവകാശം ആവശ്യമാണ്.

കാപ്പെക്സിൽ 2012, 2013, 2014 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികളുടെയും ജീവനക്കാരുടെയും ഗ്രാറ്റുവിറ്റിയാണ് കുടിശ്ശികയായിട്ടുള്ളത്. ഇതിനായി ആകെ 5.1 കോടി രൂപ ആവശ്യമായിട്ടുണ്ട്. ആയത് ലഭ്യമാക്കുവാൻ സാവകാശം ആവശ്യമാണ്.

കശുവണ്ടി വികസന കോർപ്പറേഷനിലെ അഴിമതി

213 (580) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോർപ്പറേഷനിലെ ഉന്നതസ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ അഴിമതിയുമായി ബന്ധപ്പെട്ട് വന്ന വാർത്തകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഞ്ഞുവണ്ടി വികസന കോർപ്പറേഷനിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിൽ കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടുകയും ആയതിൻപ്രകാരം സർക്കാർ സി.ബി.ഐ. അന്വേഷണത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുള്ളതുമാണ്.

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

214 (581) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയുമോ ;

(ബി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്ര കോടിയാണെന്നും പറയുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്നതും ഈ സർക്കാർ ലാഭത്തിലേക്ക് കൊണ്ടുവന്നതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ ഓരോന്നിന്റെയും ലാഭം എത്രകോടിയാണെന്നും പറയുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ പ്രവർത്തനം നിലച്ചുപോയതും നഷ്ടംമൂലം അടച്ചുപൂട്ടിയതും കൈമാറ്റം ചെയ്യപ്പെട്ടതുമായ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ സിഡ്കോയുടെ കീഴിൽ ആധുനിക സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.

(ബി-ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly